# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4398 04.02.2014-ൽ മറുപടിയ്ക്ക്

### ദേശീയ സ്ക്കൂൾ മീറ്റ് കായിക താരങ്ങൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിലെ വീഴ്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ദേശീയ സ്ക്കൂൾ മീറ്റിനായി പോകേണ്ടിയിരുന്ന കായിക താരങ്ങൾക്ക് യാത്രാസൗകര്യമുൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014 ജനുവരി 8 മുതൽ 12 വരെ റാഞ്ചിയിൽ നടന്ന ദേശീയ സ്ക്കൂൾ അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുവാനുള്ള കേരള ടീമിന് റെയിൽവേ ടിക്കറ്റ് റിസർവേഷൻ 2013 നവംബർ 15-ാം തീയതിയിൽ ചെയ്തിരുന്നതാണ്. യാത്രയ്ക്ക് 51 ദിവസം മുമ്പ് തന്നെ ടിക്കറ്റ് റിസർവ് ചെയ്തതിനാൽ മുഴുവൻ ടീമിനും യാത്ര ചെയ്യുന്നതിനായി സീറ്റും ബർത്തും ലഭ്യമാകുമെന്ന് വിദ്യാഭ്യാസ വകുപ്പ് വിശ്വസിച്ചിരുന്നു. എന്നാൽ റാഞ്ചിയിലേക്ക് മറ്റ് ട്രെയിനുകൾ ടി ദിവസങ്ങളിൽ ഇല്ലാതിരുന്നതിനാലാണ് മുഴുവൻ ടീം അംഗങ്ങൾക്കും ബർത്ത് ലഭ്യമാകാതിരുന്നത്. |

(...............2)

| ചോദ്യം | ഉത്തരം |
| --- | --- |
| (ബി) ഇക്കാര്യത്തിൽ കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽ - പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതു താൽപര്യ ഹർജി ബഹു:ഹൈക്കോടതി - യിൽ ഡബ്ല്യൂ പി.(സി) നമ്പർ 1705 പ്രകാരം ശ്രീ. ടിറ്റു ചെറിയാൻ നൽകിയിട്ടുണ്ട്. അതിൽ ബഹു: ഹൈക്കോടതി ആവശ്യപ്പെട്ട പ്രകാരം വിശദമായ സ്റ്റേറ്റ്മെന്റ് ഹൈക്കോടതി മുമ്പാകെ നൽകിയിട്ടുണ്ട്. |
| (സി) മികച്ച വിജയം നേടിയ കായിക താരങ്ങൾക്കും പരിശീലകർക്കുമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ഡി) പ്രസ്തുത സാഹചര്യത്തിൽ മുന്നൊരുക്കങ്ങളിലെ വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?<br><br>(ഇ) 17- തവണ തുടർച്ചയായി കിരീടം നേടിയ കേരളാ ടീമിന് അർഹമായ പ്രോത്സാഹനം നൽകിയിട്ടുണ്ടോ ? | (സി) , (ഡി) & (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

Sindhu

സെക്ഷൻ ഓഫീസർ